# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 512

27.09.2011-ൽ മറുപടിക്ക്.

**മാന്നാർ അലിൻഡ് സ്വിച്ച് ഗിയർ ഫാക്ടറി തൊഴിലാളികളുടെ ആനുകൂല്യം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ ഓണത്തിന് പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകളിലെ തൊഴിലാളികൾക്ക് നൽകിയ സാമ്പത്തിക ആനുകൂല്യങ്ങൾ മാന്നാർ അലിൻഡിൽ ജോലിയെടുത്തിരുന്നവർക്കുകൂടി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | (എ) 02.09.2011-ലെ ജി.ഒ (ആർ.റ്റി) 1091/2011/ വ്യവ. ഉത്തരവ് പ്രകാരം പൂട്ടിക്കിടക്കുന്ന കമ്പനികളിലെ ജീവനക്കാർക്കാണ് ഓണം അഡ്വാൻസ് നൽകിയത്.. മാന്നാർ അലിൻഡ് തുറന്നു പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ്. ആയതിനാൽ ഓണം പ്രമാണിച്ച് പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ നൽകിയ ആനുകൂല്യങ്ങൾക്ക് അലിൻഡ് മാന്നാർ യൂണിറ്റിലെ ജോലിക്കാർക്ക് അർഹതയില്ല. |
| (ബി) ഈ കമ്പനിയിൽ നിന്നും ഗ്രാറ്റുവിറ്റി തുക ലഭിക്കുവാനുള്ള ജീവനക്കാർ എത്ര എന്ന് വിശദമാക്കുമോ ;<br>(സി) ഈ കമ്പനിയിൽ നിന്നും വിരമിച്ച എത്രപേർക്ക് പെൻഷൻ ആനുകൂല്യങ്ങളും ഗ്രാറ്റുവിറ്റിയും ലഭിക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ ;<br>(ഡി) ആയവ ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി), (സി) & (ഡി)<br>ഗ്രാറ്റുവിറ്റി ലഭിക്കുവാനുള്ള മെമ്പർമാർ മൊത്തത്തിൽ 217 പേരാണ് (26.09.2011 വരെയുള്ളത്). അതിൽ കമ്പനി മാസം തോറും നൽകി വരുന്ന 1000 രൂപ 200 പേർ എല്ലാ മാസവും നേരിട്ടോ, ബാങ്ക് മുഖേനയോ കൈപ്പറ്റുന്നുണ്ട്. കൂടാതെ, കമ്പനി ഗ്രാറ്റുവിറ്റി നൽകാനുള്ളവരിൽ നിയമപരമായുള്ള മുൻഗണന പ്രകാരം 3 മുതൽ 4 വരെ (ഫണ്ടിന്റെ ലഭ്യത അനുസരിച്ച്) ആൾക്കാർക്ക് എല്ലാ മാസവും കുടിശ്ശിക തീർത്ത് നൽകി വന്നിരുന്നു. അത് പ്രകാരം 71 പേർക്ക് ഗ്രാറ്റുവിറ്റി മൊത്തമായി നൽകി കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം കഴിഞ്ഞ കുറെ മാസങ്ങളായി ഈ രീതിയിൽ പൂർണ്ണമായും കുടിശ്ശിക തീർക്കുന്നത് മുടങ്ങിയിരിക്കുന്നു. എന്നാൽ അധികം താമസിയാതെ വീണ്ടും ആ രീതി കൂടി (ഇപ്പോൾ നൽകുന്ന മാസം തോറും 1000 രൂപ വീതം 200 പേർക്ക് നൽകുന്നതു കൂടാതെ) പുനരാരംഭിക്കുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**